പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 411      11.06.2013 -ൽ മറുപടിക്ക്

## കൊട്ടാരക്കര-ഓയൂർ റൂട്ടിൽ ചെയിൻ സർവ്വീസ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കൊട്ടാരക്കര-ഓയൂർ റൂട്ടിൽ ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തിയതിന്റെ വിശദ വിവരം വെളിപ്പെടുത്തുമോ ; | (എ) യും (ബി) യും (സി) യും | കൊട്ടാരക്കര - ഓയൂർ റൂട്ടിൽ ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. കൊട്ടാരക്കര നിന്നും 5 സർവ്വീസുകളും ചടയമംഗലത്ത് നിന്നും 6 സർവ്വീസുകളും ആരംഭിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ജനങ്ങൾക്ക് പ്രയോജനപ്രദമായും കെ.എസ്.ആർ.ടി.സി.ക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കുന്ന രീതിയിലും സർവ്വീസ് നടത്തുവാൻ കഴിയുമെന്നാണ് സാധ്യതാ പഠനത്തിൽ മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ സ്വകാര്യ ബസ്സുകളുമായി മൽസരിച്ച് സർവ്വീസ് നടത്തേണ്ട ടി റൂട്ടിൽ ഒറ്റപ്പെട്ട സർവ്വീസുകൾ ആരംഭിച്ചാൽ ആയത് കെ.എസ്.ആർ.ടി.സി.ക്ക് ലഭകരമാകില്ല. 11 ബസ്സും അതിലേക്കുള്ള ജീവനക്കാരും ഒരുമിച്ച് ലഭ്യമായാൽ മാത്രമേ ടി സർവ്വീസ് ആരംഭിക്കുവാൻ കഴിയുകയുള്ളൂ. ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ടി ചെയിൻ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയികയുള്ളൂ. |
| (ബി) | പ്രസ്തുത സർവ്വീസ് ആരംഭിക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണ് ; | | |
| (സി) | പ്രസ്തുത സർവ്വീസ് അടിയന്തിരമായി ആരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ? | | |

സെക്ഷൻ ഓഫീസർ